**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1816** **08-10-2021 - ൽ മറുപടിയ്ക്ക്**

**കായംകുളം മണ്ഡലത്തിലെ സ്കൂൾ സ്റ്റേഡിയങ്ങളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | **Shri.V. Abdurahiman**<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കായംകുളം മണ്ഡലത്തിൽ അനുവദിച്ച കണ്ടല്ലൂർ, ഭരണിക്കാവ് ഗവ. യു. പി. സ്കൂളുകളിലെ സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ പുരോഗതി വിശദമാക്കാമോ? | (എ) | കായംകുളം മണ്ഡലത്തിൽ അനുവദിച്ച കണ്ടല്ലൂർ, ഭരണിക്കാവ് ഗവൺമെന്റ് യു.പി. സ്കൂളുകളിലെ സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു. 1)കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത് ഇൻഡോർ സ്റ്റേഡിയം കായികയുവജനകാര്യാലയത്തിന്റെ കീഴിലുള്ള കായിക എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലം പഞ്ചായത്ത് അധികൃതരുടെ സാന്നിദ്ധ്യത്തിൽ സന്ദർശിച്ചു. കായംകുളം കാർത്തികപ്പള്ളി റോഡിൽ നിന്നും 50 മീ മാറി സ്ഥിതി ചെയ്യുന്ന ഗ്രൗണ്ട് നിലവിൽ കളിസ്ഥലമായി ഉപയോഗിച്ചു വരികയാണ്. നിലവിലെ ഗ്രൗണ്ട് തറ നിരപ്പിൽ നിന്നും ഏകദേശം ഒരടിയോളം താഴ്ന്ന് സ്ഥിതി ചെയ്യുന്നതിനാൽ ഇൻഡോർ കോർട്ട് നിർമ്മിക്കുന്നതിനായി നിലവിലെ തറ നിരപ്പ് ഉയർത്തേണ്ടതായുണ്ട്. നിലവിലെ ഗ്രൗണ്ടിൽ ഇൻഡോർ വോളീബോൾ കോർട്ടിനും, ഇൻഡോർ ഷട്ടിൽ കോർട്ടിനും സ്ഥല ലഭ്യതയുണ്ട്. പ്രസ്തുത ഗ്രൗണ്ടിന്റെ ടോട്ടൽ സ്റ്റേഷൻ സർവ്വേ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ഗ്രൗണ്ടിൽ നടപ്പിലാക്കാൻ സാധിക്കുന്ന കായിക സൗകര്യങ്ങളുടെ വിശദമായ ഡി.പി.ആർ തയ്യാറാക്കി ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. 2. ഭരണിക്കാവ് ഗവ. യു.പി. എസ്. സ്റ്റേഡിയം കായികയുവജനകാര്യാലയത്തിന്റെ കീഴിലുള്ള കായിക എഞ്ചിനീയറിംഗ് വിഭാഗം പ്രസ്തുത സ്ഥലം സന്ദർശിച്ചിരുന്നു. ഭരണിക്കാവ് ഗവൺമെൻറ് യു.പി. സ്കൂളിന്റെ നിലവിലുള്ള കളിസ്ഥലത്താണ് നവീകരണ നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള സ്ഥലം കണ്ടെത്തിയിരിക്കുന്നത്. സ്കൂളിനോട് ചേർന്ന് തുറസ്സായ കളിസ്ഥലമാണ് നിലവിലെ ഗ്രൗണ്ട്. റോഡിനോട് ചേർന്ന സ്ഥലത്ത് ഒരടിയോളം ഗ്രൗണ്ട് നിരപ്പ് താഴ്ന്നതിനാൽ മണ്ണിട്ട് ഉയർത്തേണ്ടതായുണ്ട്. |

| | | | |
|---|---|---|---|
| | | | സിന്തറ്റിക് വോളീബോൾ കോർട്ടും, ചുറ്റുമതിലും മറ്റ് അനുബന്ധ സൗകര്യങ്ങളുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത ഗ്രൗണ്ടിന്റെ ടോട്ടൽ സ്റ്റേഷൻ സർവ്വേ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ഗ്രൗണ്ടിൽ നടപ്പിലാക്കാൻ സാധിക്കുന്ന കായിക സൗകര്യങ്ങളുടെ വിശദമായ ഡി.പി.ആർ തയ്യാറാക്കി ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ